**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2454**

**05.11.2019 - ൽ മറുപടിക്ക്.**

## പ്രളയ നാശനഷ്ടത്തിനുള്ള സാമ്പത്തിക സഹായം

ചോദ്യം
ശ്രീ. ബി. ഡി. ദേവസ്സി

**മറുപടി**
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) 2018-ലെ പ്രളയത്തിൽ നാശനഷ്ടമുണ്ടായതും അതിനു ശേഷം ഷോർട്ട് സർക്യൂട്ട് കാരണം കത്തിനശിക്കുകയും കമ്പ്യൂട്ടറുകൾ, ഫോട്ടോ സ്റ്റാറ്റ് മെഷീൻ എന്നിവയടക്കം കത്തിപ്പോവുകയും ചെയ്ത ചാലക്കുടി നഗരസഭയിൽ ത്രേസ്യാമ്മ മാത്യുവിന്റെ ഉടമസ്ഥതയിലുള്ള ആധാരം എഴുത്ത് ഓഫീസിന്റെ നാശനഷ്ടത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

(എ) & (ബി) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിലും അതിനുശേഷം 30/06/2019-ന് ഉണ്ടായ തീപിടുത്തത്തിലും ചാലക്കുടി നഗരസഭയിൽ 21/534,538 നമ്പർ കടമുറികളിൽ തന്റെ ഉടമസ്ഥതയിലുള്ള ആധാരമെഴുത്ത് ആഫിസിലെയും ഫോട്ടോസ്റ്റാറ്റ് കടയിലെയും ഉപകരണങ്ങൾക്കും മുദ്രപ്പത്രത്തിനുമുണ്ടായ നാശനഷ്ടത്തിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ത്രേസ്യാമ്മ മാത്യു സർക്കാരിൽ സമർപ്പിച്ച 09/04/2019-ലെ അപേക്ഷ തുടർനടപടികൾക്കായി 24/09/2018-ലെ എഫ്2/268/2019 നമ്പർ കത്ത് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

പ്രളയ ബാധിത യൂണിറ്റുകൾക്കായി വ്യവസായ വകുപ്പ് മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ശ്രീമതി ത്രേസ്യാമ്മ മാത്യുവിന്റെ സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ട്. പ്രളയ ബാധിത യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരമുള്ള മാർജിൻ മണിഗ്രാന്റ് ലഭിക്കുന്നതിനായി അപേക്ഷക പുതുതായി ബാങ്കുകളിൽ നിന്നും വായ്പയെടുക്കേണ്ടതായിട്ടുണ്ട്. ടി പദ്ധതിയുടെ വിശദാംശങ്ങൾ അപേക്ഷകയെ വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിൻമേലുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കേ ഉജ്ജീവന പദ്ധതി പ്രകാരം വായ്പ ലഭ്യമാക്കുന്നതിനായി പ്രസ്തുത അപേക്ഷ ബാങ്കിലേക്ക് ശുപാർശ ചെയ്യുന്നതിന് കഴിയുകയുള്ളൂ. എന്നാൽ തീപിടുത്തം മൂലം നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസായ വകുപ്പിൽ പദ്ധതികൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ.

ജക/24/10/19